**ശ്രദ്ധക്ഷണിക്കൽ**

1.കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധികൾ

ശ്രീ. ജി. എസ്. ജയലാൽ: സർ, കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധിയെ സംബന്ധിച്ചാണ് ഞാൻ സഭയുടെ ശ്രദ്ധക്ഷണിക്കുന്നത്. നാല് ലക്ഷത്തിലധികം തൊഴിലാളികളും അവരുടെ കുടുംബവും ആശ്രയിക്കുന്ന തൊഴിൽ മേഖലയാണ് കശുവണ്ടി മേഖല. ഈ മേഖല ഒരു വലിയ പ്രതിസന്ധി നേരിടുകയാണ്. അതിന് അടിയന്തര നടപടികളുണ്ടാകണം. ഈ വ്യവസായത്തിന്റെ ചരിത്രം പരിശോധിക്കുമ്പോൾ എല്ലാ കാലത്തും യു.ഡി.എഫ്. സർക്കാർ അധികാരത്തിലിരിക്കുമ്പോൾ തകർന്ന് തരിപ്പണമാകുന്ന ഒരു വ്യവസായമാണ്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് പൊതുമേഖലാ ഫാക്ടറികളും കോർപ്പറേഷൻ ഫാക്ടറികളും Kerala State Cashew Workers Apex Industrial Co-operative Society (CAPEX) ഫാക്ടറിയും നന്നായി പ്രവർത്തിപ്പിച്ച് നല്ല മാതൃകയാണ് സൃഷ്ടിച്ചത്. എന്നാൽ ഏതാണ്ട് 750-ഓളം വരുന്ന സ്വകാര്യ ഫാക്ടറികളിൽ 600 ഫാക്ടറികളും അടഞ്ഞുകിടക്കുകയാണ്. അതിനാവശ്യമായ പുനരുദ്ധാരണ

പാക്കേജ് കഴിഞ്ഞ ഗവൺമെന്റ് ആവിഷ്കരിച്ചെങ്കിലും തൊഴിലാളികൾക്ക് തൊഴിൽ കിട്ടുന്ന രീതിയിലേയ്ക്ക് അത് ഫലപ്രദമായി വന്നിട്ടില്ല. കടക്കെണിയിലായ മുതലാളിമാർക്ക് ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കാൻ ആവശ്യമായിട്ടുള്ള പലിശ, സബ്സിഡി ഉൾപ്പെടെയുള്ള വിവിധങ്ങളായ പാക്കേജുകളും കാഷ്യു ബോർഡ് ഉൾപ്പെടെയുള്ള നടപടികളാമൊക്കെ നടപ്പിലാക്കാൻ ശ്രമിച്ചെങ്കിലും സ്വകാര്യ ഫാക്ടറികൾ തുറന്നുപ്രവർത്തിച്ച് തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാകുന്ന തരത്തിലേയ്ക്ക് പൂർണ്ണമായി വന്നിട്ടില്ല. എന്നാൽ പൊതുമേഖലയിൽ വലിയ മാറ്റമാണുണ്ടായത്. തൊഴിൽ സുരക്ഷ ഉറപ്പാക്കുക മാത്രമല്ല തൊഴിലാളികൾക്ക് തൊഴിൽ നൽകാൻ ആവശ്യമായ നടപടികളും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഇന്ന് ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളെ സംബന്ധിച്ച് പരിശോധിക്കുമ്പോൾ ഗവൺമെന്റിന്റെ സാമൂഹ്യ സുരക്ഷാ പദ്ധതികളെ ആശ്രിച്ചാണ് പട്ടിണിയില്ലാതെ കഴിയുന്നത്. സൗജന്യ ഭക്ഷ്യ കിറ്റുപോലുള്ള റേഷൻ സംവിധാനങ്ങളും ആശ്വാസ ധനസഹായങ്ങളും ഉൾപ്പെടെയുള്ള കാര്യങ്ങളാണ് തൊഴിലാളികൾക്ക് ആശ്രയമാകുന്നത്. ഇത്തരം

പ്രതിസന്ധികൾ പരിഹരിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും ഇടപെടലുണ്ടാകണം. തൊഴിലാളികൾക്കുള്ള കൂലി പുതുക്കിയിട്ട് ഏഴ് വർഷമായി. കൃത്യമായി ഇ.എസ്.ഐ./പി.എഫ്. വിഹിതമടയ്ക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും നിലനിൽക്കുന്നു. മുടങ്ങിക്കിടന്ന ഗ്രാറ്റുവിറ്റി 2016 വരെയുള്ളത് എൽ.ഡി.എഫ്. ഗവൺമെന്റ് കൊടുത്തു. എന്നാൽ 2016-ന് ശേഷമുള്ള ഗ്രാറ്റുവിറ്റി നൽകാനുണ്ട്. ഏറ്റവും പ്രധാനപ്പെട്ടത് ഈ ദുരിതമനുഭവിക്കുന്ന ആളുകളുടെ ചികിത്സാനുകൂല്യം നഷ്ടപ്പെടുന്നതാണ്. മിനിമം 78 ദിവസം തൊഴിൽ ചെയ്തില്ലായെങ്കിൽ/ഹാജരില്ലെങ്കിൽ ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കാത്ത കേന്ദ്ര ഗവൺമെന്റിന്റെ നിയമം ഈ തൊഴിലാളികളുടെ ചികിത്സാനുകൂല്യം നഷ്ടപ്പെടുന്ന രീതിയിലെത്തിയിട്ടുണ്ട്. ജീവിതശൈലി രോഗവും പ്രധാന വിഷയമാണ്. തൊഴിലുള്ള ഫാക്ടറികളിൽപ്പോലും പുതിയ ജീവിതശൈലി രോഗവുമായി ബന്ധപ്പെട്ട് ഇരുന്ന് ജോലി ചെയ്യാൻ കഴിയാത്ത അവസ്ഥയുണ്ട്. അതിനാൽ ഭൗതിക സാഹചര്യങ്ങളിലൊക്കെ മാറ്റം അനിവാര്യമാണ്. അതുപോലെ തോട്ടണ്ടി ലഭ്യതയെ സംബന്ധിച്ച് നിലവിൽ കുറച്ച് സാധ്യതയുണ്ടെങ്കിലും ആഭ്യന്തര

ഉല്പാദനം വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടികൾ ഗവൺമെന്റ് കൈക്കൊണ്ടിട്ടുണ്ട്. എന്നാൽ കുറച്ചുകൂടി ജാഗ്രതയോടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിച്ച് കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. അന്യസംസ്ഥാനങ്ങളിലേയ്ക്ക് നമ്മുടെ വ്യവസായം പോകുന്നൊരവസ്ഥയുണ്ട്. ബോധപൂർവ്വമായി ഈ വ്യവസായത്തെ ഇല്ലാതാക്കാൻ ശ്രമിക്കുന്ന വൻകിട മുതലാളിമാർപ്പോലും ഈ രംഗത്തുണ്ട്. ഗവൺമെന്റിന്റെ താല്പര്യത്തിന് ബോധപൂർവ്വം വിരുദ്ധമായി പ്രവർത്തിക്കുന്ന വൻകിട വ്യവസായികൾപ്പോലും ഈമേഖലയിലുണ്ടെന്നാണ് അനുഭവങ്ങളിലൂടെ മനസ്സിലാകുന്നത്. കയർ മേഖലയിലും കൈത്തറി മേഖലയിലും വലിയ ഉണർവ്വുണ്ടാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. അതുപോലെ കശുവണ്ടി മേഖലയിലെ ഇത്തരം വിഷയങ്ങൾ പരിഹരിച്ച് അന്യസംസ്ഥാനങ്ങളിലേയ്ക്ക് പോകുന്ന ഈ വ്യവസായത്തെ സംരക്ഷിക്കാനും പിടിച്ചുനിർത്താനും കാഷ്യു ബോർഡ് ഉൾപ്പെടെയുള്ള ഗവൺമെന്റിന്റെ നടപടികൾ സമഗ്രമായി നടപ്പിലാക്കി വ്യവസായത്തെ സംരക്ഷിച്ച് നാല് ലക്ഷത്തിലധികം വരുന്ന തൊഴിലാളികളെയും അവരുടെ കുടുംബത്തെയും സംരക്ഷിക്കാനാവശ്യമായ

നടപടികൾ സ്വീകരിക്കണമെന്ന് സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വളരെ ഗൗരവമായ പ്രശ്നമാണ് ബഹുമാന്യനായ അംഗം ശ്രദ്ധക്ഷണിക്കലിലൂടെ ഉന്നയിച്ചിട്ടുള്ളത്. സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പെക്സ്, കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി, കാഷ്യൂ ബോർഡ് ലിമിറ്റഡ് എന്നിവയാണ് കശുവണ്ടി വ്യവസായ മേഖലയിൽ സർക്കാരിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ. ഇതിൽ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് കീഴിൽ മുപ്പത് കശുവണ്ടി ഫാക്ടറികളും കാപ്പെക്സിന് കീഴിൽ പത്ത് കശുവണ്ടി ഫാക്ടറികളുമാണുള്ളത്. കോവിഡ്-19 മഹാമാരി പടർന്നുപിടിച്ചതിനെ തുടർന്നുള്ള അടച്ചിടൽമൂലം 2020 മാർച്ച് മുതൽ ഈ ഫാക്ടറികളുടെ പൂർണ്ണ തോതിലുള്ള പ്രവർത്തനം തടസ്സപ്പെട്ടെങ്കിലും ഇപ്പോൾ നിയന്ത്രണങ്ങളിൽ ഇളവുകൾ വന്നതിനെതുടർന്ന് എല്ലാ ഫാക്ടറികളും പൂർണ്ണതോതിൽ തടസ്സമില്ലാതെ പ്രവർത്തിക്കുന്നുണ്ട്. കശുവണ്ടി കോർപ്പറേഷൻ, കാപ്പെക്സ് എന്നിവയ്ക്ക് കീഴിലുള്ള ഫാക്ടറികളുടെ നവീകരണത്തിലും ഭാഗിക യന്ത്രവൽക്കരണത്തിലും ബ്രാൻഡ്

ബിൽഡിംഗിനുമായി സർക്കാർ 2021-2022 സാമ്പത്തിക വർഷം കശുവണ്ടി വികസന കോർപ്പറേഷന് ആറ് കോടി രൂപയും കാപ്പെക്സിന് അഞ്ചര കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. തൊഴിലാളികളുടെയും ജീവനക്കാരുടെയും ക്ഷേമ പദ്ധതികളായ ഇ.എസ്.ഐ., ഇ.പി.എഫ്., ആർ.ഡി.എഫ്., ആർ.ഡബ്ല്യൂ.എഫ്. മുതലായവയും തൊഴിലാളികളുടെ വേതനം, മറ്റാനുകൂല്യങ്ങൾ, ബോണസ് എന്നിവ മുടക്കം കൂടാതെ നൽകിവരുന്നു. അടഞ്ഞുകിടക്കുന്ന സ്വകാര്യ ഫാക്ടറികളിൽനിന്നും 1500 തൊഴിലാളികൾക്ക് കാപ്പെക്സിന്റെ വിവിധ ഫാക്ടറികളിൽ 2016 മുതൽ, അങ്ങ് പറഞ്ഞതുപോലെ തൊഴിൽ നൽകിയിട്ടുണ്ട്. ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കശുമാവ് കൃഷി കൂടുതൽ ലാഭകരമാക്കുന്ന പ്രവർത്തനങ്ങൾക്കായി അത്യുല്പാദനശേഷിയുള്ള കശുമാവിൻ തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനും കൂടുതൽ കർഷകരെ കശുമാവ് കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനുമായി കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിക്ക് 2021-22 വർഷം ആറര കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും പ്രസ്തുത തുകയുള്ള ഭരണാനുമതി നൽകി തൈകളുടെ

വിതരണം വിജയകരമായി മുന്നോട്ടുപോകുകയും ചെയ്യുന്നു. കാഷ്യൂ ബോർഡ് 8000 മെട്രിക് ടണ്ണിലധികം തോട്ടണ്ടി ഈ സാമ്പത്തിക വർഷം ഇറക്കുമതി ചെയ്തിട്ടുണ്ട്. ഇതുവഴി 2021 ഡിസംബർ മാസം വരെ കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും ഫാക്ടറികൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ തോട്ടണ്ടി ഇപ്പോഴേ ഉറപ്പുവരുത്തിയിട്ടുണ്ട്. സ്വകാര്യ കശുവണ്ടി വ്യവസായ മേഖല അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഈ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കാൻ കഴിഞ്ഞ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2020 ഡിസംബർ 21-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രതിസന്ധിയിലായ കശുവണ്ടി വ്യവസായികൾ വിവിധ ബാങ്കുകളിൽനിന്നുമെടുത്തിട്ടുള്ള വായ്പകൾ പുനഃക്രമീകരിക്കുന്നതിനും പുനഃക്രമീകരിക്കാൻ കഴിയാത്ത വായ്പകളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കാൻ ഫോർമുല രൂപീകരിക്കുന്നതിനുമായി വ്യവസായികളുടെ പ്രതിനിധി, സർക്കാർ

പ്രതിനിധി, ബാങ്ക് പ്രതിനിധി എന്നിവരുൾപ്പെട്ട മൂന്നംഗ കമ്മിറ്റി രൂപീകരിച്ചു. എന്നാൽ ബാങ്കുകൾ വ്യവസായികൾക്കെതിരായ റിക്കവറി നടപടികളുമായി മുന്നോട്ടുപോകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 2021 സെപ്റ്റംബർ 22-ാം തീയതി വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും വ്യവസായികളുടെ പ്രതിനിധികൾ, എസ്.എൽ.ബി.സി. പ്രതിനിധി, കാത്തലിക് സിറിയൻ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക്, കാനറ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നിവയുടെ പ്രതിനിധികളുമായി പ്രത്യേകം യോഗം ചേരുകയും ഒരുമാസത്തിനകം ഒറ്റത്തവണ തീർപ്പാക്കൽ ഫോർമുല രൂപീകരിച്ച് നടപടി സ്വീകരിക്കാൻ കാഷ്യൂ ബോർഡ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനമെടുക്കുകയും ചെയ്തു. അതിനുശേഷം ഒരു യോഗംകൂടി ചേർന്നിട്ടുണ്ട്. കോവിഡ് മഹാമാരി പടർന്നുപിടിച്ചതിനെ തുടർന്നുണ്ടായ അടച്ചിടൽമൂലം 2020 മാർച്ച് മുതൽ ഈ ഫാക്ടറികളുടെ പൂർണ്ണതോതിലുള്ള പ്രവർത്തനം തടസ്സപ്പെട്ടെങ്കിലും നിലവിൽ നിയന്ത്രണങ്ങളിൽ ഇളവുവരുത്തി എല്ലാ ഫാക്ടറികളും തടസ്സമില്ലാതെ പ്രവർത്തിച്ചുവരുന്നു. ഈ പാക്കേജുകൂടി

നടപ്പിലാക്കാൻ സാധിച്ചാൽ നല്ലരീതിയിൽ മാറ്റമുണ്ടാക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

ശ്രീ. ജി. എസ്. ജയലാൽ: സർ, ഇതുസംബന്ധിച്ച് ഗവൺമെന്റ് വലിയ തോതിൽ ശ്രമം നടത്തുന്നുണ്ട്. എന്നാൽ 750 സ്വകാര്യ ഫാക്ടറികളിൽ 600 എണ്ണവും അടഞ്ഞുകിടക്കുകയാണ്. അതിൽ തൊഴിൽ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ കുറച്ചുകൂടി ആകർഷകമായ പാക്കേജുകൾ നടപ്പിലാക്കണം. ചില വ്യവസായികൾ ബോധപൂർവ്വം ഇതിനെ അട്ടിമറിക്കാൻ ശ്രമിക്കുന്നുണ്ട്. നിയമനിർമ്മാണത്തിന്റെ ആവശ്യമാണെങ്കിൽ ആതരത്തിലേയ്ക്ക് ഈ പറയുന്ന മേഖലയെ സംരക്ഷിക്കാൻ ഗവൺമെന്റ് ആകർഷകമായ ഇടപെടലുകൾ നടത്തുകയും അതുപോലെ നിയമ നിർമ്മാണം നടത്തിതന്നെ തൊഴിൽ മേഖലയെ സംരക്ഷിക്കാനാവശ്യമായ പുതിയ നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്ന കാര്യവും അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഇപ്പോൾ കശുവണ്ടി കോർപ്പറേഷന് 37.3 കോടി രൂപയുടെ ഭരണാനുമതി തോട്ടണ്ടി ഇറക്കുമതി ചെയ്യാൻ നൽകിയിട്ടുണ്ട്. യഥാർത്ഥത്തിൽ ഗൗരവമായി

പരിശോധിക്കേണ്ട രംഗമാണ് അങ്ങ് പ്രതിപാദിച്ച കശുവണ്ടി മേഖല. കശുവണ്ടി കോർപ്പറേഷനും കാപ്പെക്സിനും വായ്പകളൊന്നും എടുക്കാൻ സാധിക്കാത്ത വിധത്തിലുള്ള സാമ്പത്തിക പ്രതിസന്ധിയുണ്ടായതിതിനെ തുടർന്നാണ് കഴിഞ്ഞ ഗവൺമെന്റ് ബോർഡിലേയ്ക്കെത്തിയത്. ബോർഡും ഈ അവസ്ഥയിലേയ്ക്ക് പോകുന്ന സ്ഥിയാണ് നിലവിൽ കണ്ടുവരുന്നത്. ബോർഡ് തോട്ടണ്ടി ഇറക്കുമതി ചെയ്യുകയും അത് കോർപ്പറേഷനും കാപ്പെക്സിനും കൊടുക്കുകയും ചെയ്യുന്നു. എന്നാൽ ഈ രണ്ട് സ്ഥാപനങ്ങളും ബോർഡിന് കാശ് കൊടുക്കുന്നില്ല. അവർ സൗജന്യമായി കശുവണ്ടിയെടുത്ത് വ്യവസായം നടത്തി ലഭിക്കുന്ന കാശ് തൊഴിലാളികൾക്ക് ശമ്പളം നൽകുന്നതിനും മറ്റുകാര്യങ്ങൾക്കുംവേണ്ടി ഉപയോഗിക്കുന്ന പ്രത്യേകമായ അവസ്ഥ വരികയാണ്. അക്കാര്യവും ഗൗരവമായി ചർച്ച ചെയ്യണമെന്നാണ് ഗവൺമെന്റ് കാണുന്നത്. ഇങ്ങനെ എത്രകാലം പോകാൻ കഴിയുമെന്നത് ഗൗരവമായ പ്രശ്നമാണ്. ലാഭകരമായി ഈ വ്യവസായത്തെ മാറ്റാൻ കഴിയണം. കശുവണ്ടി കോർപ്പറേഷന്റെ ഡയറക്ടർ ബോർഡിന്റെ കാര്യമെടുത്താൽ എല്ലാ ട്രെയ്ഡ് യൂണിയനുകൾക്കും പ്രാതിനിധ്യമുള്ള ബോർഡാണത്. ട്രെയ്ഡ്

യൂണിയനായതുകൊണ്ട് തൊഴിലാളി പ്രാതിനിധ്യമുണ്ടാകണമെന്നത് ന്യായമായ കാര്യമാണ്. എല്ലാ യൂണിയനുകളുടെയും പ്രാതിനിധ്യമുള്ള ഒരു ബോർഡ് ഒട്ടും പ്രൊഫഷണലായി പ്രവർത്തിപ്പിക്കാതെ ഒരു സ്ഥാപനത്തെ എത്രകാലം മുന്നോട്ടുകൊണ്ടുപോകാൻ കഴിയും. അത്തരം ഗൗരവമായ പ്രശ്നങ്ങൾ ചർച്ച ചെയ്യേണ്ടതുണ്ട്. സ്വകാര്യ വ്യവസായശാലകളും ഇവിടെന്ന് ലഭിച്ച ലാഭം മറ്റ് പലമേഖലകളിലും നിക്ഷേപിച്ചതിന് ചില ഉദാഹരണങ്ങൾ അങ്ങ് സൂചിപ്പിച്ചതുപോലെയുണ്ട്. കേരളത്തിന്റെ മറ്റുചില പ്രദേശങ്ങളിൽ കശുവണ്ടി ഫാക്ടറികൾ ലാഭകരമായി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. കൊല്ലം ജില്ലയിലുള്ള കശുവണ്ടി ഫാക്ടറികളുടെ പ്രവർത്തനത്തെ സംബന്ധിച്ച് വ്യവസായികളുടെ സംഘടനകളുമായി സംസാരിച്ചപ്പോൾ, അത് പ്രൊഫഷണലായി മാറേണ്ടതുണ്ടെന്ന് ഞാൻ സൂചിപ്പിക്കുകയുണ്ടായി. അവർ ഇപ്പോൾ നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് പ്രത്യേകമായി പരിശോധിക്കണം. വളരെ ഗൗരവമായ ചർച്ച ഈ മേഖലയിലുണ്ടാകണം. തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്താൻ കഴിയണം. അതിനുവേണ്ടി എല്ലാതരത്തിലുള്ള നിലപാടും ഗവൺമെന്റ് സ്വീകരിക്കും. ഫാക്ടറികൾ

ശരിയായ രൂപത്തിൽ പ്രവർത്തിച്ച് മുന്നോട്ടുകൊണ്ടുപോകുന്നതിന് ചിലകർക്കശമായ സമീപനങ്ങളും സ്വീകരിക്കേണ്ടിവരുമെന്നാണ് സൂചിപ്പിക്കാനുള്ളത്.

## 2. സുനാമി കോളനികളുടെ ശോചനീയാവസ്ഥ

ശ്രീ. സി. ആർ. മഹേഷ്: സർ, കേരളത്തിലെ സുനാമി കോളനികളിൽ ജീവിക്കുന്ന ആയിരക്കണക്കിന് മനുഷ്യരുടെ നരകതുല്യമായ ജീവിതം ഞാൻ ഈ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരികയാണ്. ജീവിതത്തിന്റെ പകുതിയും പറിച്ചുനടപ്പെട്ട ജീവിതങ്ങളാണ് സുനാമി കോളനികളിൽ ജീവിക്കുന്നത്. ഇപ്പോൾ അവരുടെ അവസ്ഥ കടലിലുമല്ല, കരയിലുമല്ല എന്നുള്ളതാണ്. 2004-ൽ ആർത്തലച്ചെത്തിയ സുനാമി തിരമാലകളിൽ എല്ലാം നഷ്ടപ്പെട്ടവരാണ് സുനാമി കോളനികളിലും ആലപ്പാട് പഞ്ചായത്തിലും താമസിക്കുന്നത്. ഉറ്റവരും ഉടയവരും നഷ്ടപ്പെട്ടവരാണ്. കരുനാഗപ്പള്ളി മാത്രമല്ല, കേരളത്തിന്റെ തീരപ്രദേശങ്ങളിൽ മുൻ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയുടെ ഹരിപ്പാട് നിയോജകമണ്ഡലത്തിലെ ആറാട്ട് പുഴ പഞ്ചായത്തിലുൾപ്പെടെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ സുനാമി കോളനികളിൽ ആളുകൾ

താമസിക്കുകയാണ്. അവർക്കാശ്രയമായി അന്ന് ഒരുക്കിയതാണ് സുനാമി കോളനികൾ. സംസ്ഥാനത്ത് മുഴുവനായി 8762 വീടുകൾ സർക്കാരും വിവിധ സംഘടനകളും ചേർന്ന് അന്ന് നിർമ്മിച്ചുനൽകി എന്നതാണ് സർക്കാരിന്റെ കണക്ക്. എന്റെ മണ്ഡലമായ കരുനാഗപ്പള്ളിയിൽ നഗരസഭയിലും കുലശേഖരപുരത്തും ക്ലാപ്പനയിലും 44 സുനാമി കോളനികളിലായി 1465 വീടുകളുണ്ട്. ആലപ്പാട് പഞ്ചായത്തിൽ വിവിധ വാർഡുകളിലായി സ്പെഷ്യൽ പാക്കേജ് പ്രകാരം 729 വീടുകളും നിർമ്മിച്ചുനൽകിയിട്ടുണ്ട്. 17 വർഷംകഴിഞ്ഞു, ഇതുവരെയും ഇതിലൊരു വീടുപോലും നവീകരിക്കാനോ, മെയിന്റനൻസ് നടത്താനോ കഴിഞ്ഞിട്ടില്ല. ഈ വീടുകളിലെ ശോചനീയാവസ്ഥ ആരുടേയും കരളലിയിക്കുന്ന കാഴ്ചയാണ്. ഭിത്തികൾ മുഴുവൻ വിണ്ടുകീറി മേൽക്കൂര ഇടിഞ്ഞ് നിലത്തു വീഴുകയാണ്. സിമന്റ് പാളികൾ തകർന്ന് വീണു, ഒട്ടുമിക്ക വീടുകളും വാസയോഗ്യമല്ലാതായി. മാതാപിതാക്കൾ കുട്ടികളെ ഇപ്പോൾ ആ വീടുകളിൽ കിടത്താറില്ല. ബന്ധുവീടുകളിലേയ്ക്ക് മാറ്റിയിരിക്കുകയാണ്. അന്ന് വീടുകൾ നിർമ്മിച്ചത് വളരെപ്പെട്ടന്നാണ്. അതുകൊണ്ടുതന്നെ മിക്കവീടുകളും ചതുപ്പുനിലങ്ങൾ നികത്തിയാണ് വച്ചത്. മഴ മാനത്തുകണ്ടാൽ ഇവിടം

വെള്ളക്കെട്ടാകും. ടോയിലറ്റുകൾ ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയാകും. സെപ്റ്റിക് ടാങ്കുകൾ നിറഞ്ഞുകവിഞ്ഞ് മാലിന്യം പുറത്തേക്കൊഴുകാൻ തുടങ്ങും. ഈ കോളനികളിലെല്ലാം കുടിവെള്ളക്ഷാമം അതിരൂക്ഷമാണ്. മിക്ക വീടുകളിലും കുടിവെള്ളം കിട്ടാറില്ല. വാസയോഗ്യമല്ലാത്ത വീടുകളിൽ ജീവൻ പണയംവച്ചുള്ള ജീവിതമാണ് ഇവർ നയിക്കുന്നത്. സുനാമി കോളനികളിൽ താമസിക്കുന്നതിലധികവും മത്സ്യത്തൊഴിലാളികളാണ്. തകർന്നുവീഴാറായ വീടുകളിൽ നിസഹായാവസ്ഥയോടെ ഇവർ നോക്കിനിൽക്കുകയാണ്. സുനാമി കോളനികളിലെ വീടുകളുടെ പരിപാലനച്ചുമതല അതാത് ജില്ലകളിലെ തദ്ദേശഭരണ സ്ഥാപനങ്ങളെ ഏല്പിച്ചുകൊണ്ട് സർക്കാർ അടുത്തിടെ ഒരു ഉത്തരവിറക്കി. പക്ഷേ, പഞ്ചായത്തുകളെ സമീപിക്കുമ്പോഴും അനുകൂലമായ ഒരു സമീപനമല്ല ഉണ്ടാകുന്നത്. പഞ്ചായത്തുകൾക്ക് ഇതിനായി പ്രത്യേക ഫണ്ട് സർക്കാർ നൽകിയിട്ടുണ്ടോയെന്നും അറിയില്ല. സുനാമി കോളനികളുടെ നവീകരണത്തിന് ഇനി ഏക ആശ്രയം സർക്കാരാണ്. സർക്കാർ അടിയന്തരമായി ഈ വിഷയത്തിൽ ഇടപെടണം. ഉടനടി ഈ വീടുകളിൽ പുനർനിർമ്മാണമുണ്ടായില്ലെങ്കിൽ സുനാമിയിൽ എല്ലാം നഷ്ടപ്പെട്ട്

ജീവിച്ചിരിക്കുന്ന, സുനാമി രക്തസാക്ഷികളായ ഈ പാവങ്ങൾ ഇരകളായ മറ്റൊരു ദുരന്തത്തിനുകൂടി ഈ നാട് സാക്ഷ്യം വഹിക്കേണ്ടി വരുമെന്ന് ഞാൻ ഈ നിയമസഭയിൽ മുന്നറിയിപ്പുതരികയാണ്. കേരളത്തിൽ സുനാമി കോളനികളിൽ ദുരിതജീവിതം നയിക്കുന്ന ഈ ഹതഭാഗ്യരുടെ ജീവിതം ഈ സഭയുടെ ശ്രദ്ധയിലേയ്ക്ക് ക്ഷണിച്ചുകൊള്ളുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച പ്രശ്നം നേരത്തെയും ഇപ്പോഴും ഗവൺമെന്റുകൾ വളരെ ഗൗരവത്തോടുകൂടി കണ്ടിട്ടുള്ള വിഷയങ്ങളാണ്. നമ്മുടെ നാട്ടിലുണ്ടായ ഭീകരമായ സുനാമി ദുരന്തത്തെത്തുടർന്ന് 9 ജില്ലകളിലായി വീടും വസ്തുക്കളും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കാനുള്ള ഒരു പദ്ധതിയാണ് സുനാമി പുനരധിവാസവുമായി ബന്ധപ്പെട്ട് നമ്മൾ തയ്യാറാക്കിയത്. യഥാർത്ഥത്തിൽ സുനാമി പുനരധിവാസ പദ്ധതി ഒരു പദ്ധതിയാണ്. അതൊരു തുടർപദ്ധതിയല്ലെന്നൊരു പ്രശ്നം നമ്മുടെ മുന്നിലുണ്ട്. എങ്കിലും രണ്ട് തവണകളിലായി മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച 2016-2019-ലെ സമിതിയുടെ

ഒന്നാമത്തെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും രണ്ടാമത്തെ തവണ കാസർഗോഡ് ജില്ലാ കളക്ടറുടെ കത്തിന്റെ അടിസ്ഥാനത്തിലും ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ രണ്ട് ഉത്തരവുകൾ 2019-ലും 2020-ലും പുറത്തിറക്കിയിട്ടുണ്ട്. സംസ്ഥാനത്ത് സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ള സുനാമി ഫ്ളാറ്റുകളിലും വീടുകളിലും തുടർന്നുവരുന്ന അറ്റകുറ്റപ്പണികൾ ഗുണഭോക്താക്കൾതന്നെയാണ് ചെയ്തുവരുന്നത്. സുനാമി ഫ്ളാറ്റുകൾ/വീടുകൾ എന്നിവിടങ്ങളിലെ മാലിന്യപ്രശ്നവും സംസ്കരണവും കുടിവെള്ള വിതരണം, റോഡുകളുടെ അറ്റകുറ്റപ്പണി തുടങ്ങിയ വിഷയങ്ങൾ നിലവിൽ ചില ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം നിർമ്മിച്ച കോളനികളിലെ മാലിന്യനിർമ്മാർജനം, സെപ്റ്റിക് ടാങ്ക് നിറഞ്ഞുകവിയുന്നത് ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ, കുടിവെള്ള പ്രശ്നം, ചുറ്റുമതിൽ നിർമ്മാണം എന്നിവ നിർവ്വഹിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിനേയും കുടിവെള്ള പ്രശ്നത്തിൽ ജലവിഭവ വകുപ്പിനേയും ചുമതലപ്പെടുത്തി 12/02/2019-ലെ സർക്കാർ ഉത്തരവ് നം. 97/2019/ഡി.എം.ഡി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. സുനാമി

പുനരധിവാസ പദ്ധതിപ്രകാരം നിർമ്മിച്ച വിവിധ ജില്ലകളിലെ ഫ്ളാറ്റ് സമുച്ചയങ്ങളുടെ പരിപാലനച്ചുമതല അതാത് ജില്ലകളിലെ തദ്ദേശഭരണ സ്ഥാപനങ്ങളെ ഏല്പിച്ചുകൊണ്ട് 03/07/2020-ലെ സ.ഉ.(സാധാ) നം. 592/2020/ഡി.എം.ഡി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ കൊല്ലം ജില്ലയിൽ ക്ലാപ്പന, കുലശേഖരപുരം പഞ്ചായത്തുകളിലും കരുനാഗപ്പള്ളി നഗരസഭയിലുമാണ് സുനാമി പുനരധിവാസ കോളനികളുള്ളത്. ഇതിൽ കുലശേഖരപുരം പഞ്ചായത്തിലെ തീരദേശ മേഖലകളിലും കരുനാഗപ്പള്ളി നഗരസഭയിലെ കോഴിക്കോട് ഭാഗത്തുമുള്ള സുനാമി കോളനികളിലും ജലദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. കുലശേഖരപുരം പഞ്ചായത്തിലെ പുതിയകാവ് കുഴൽകിണർ, പുത്തൻതെരുവ് കുഴൽകിണർ എന്നിവ പ്രവർത്തനരഹിതമായതുകൊണ്ടാണ് ജലദൗർലഭ്യം അനുഭവപ്പെടുന്നത്. പുതിയകാവിൽ പുതിയ കുഴൽകിണർ നിർമ്മാണം പൂർത്തീകരിച്ച് നിലവിൽ ജലവിതരണം നടത്തിവരുന്നു. കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിൽ ഓച്ചിറ കുടിവെള്ള പദ്ധതിയിൽനിന്നുമാണ് ജലവിതരണം നടത്തിവരുന്നത്. പമ്പ്

സെറ്റുകളുടെ കാലപ്പഴക്കം കാരണം ടി പദ്ധതിയിൽനിന്നുള്ള പമ്പിംഗിൽ കുറവുവന്നിട്ടുണ്ട്. പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി മാവേലിക്കര കണ്ടിയൂർകടവിലുള്ള പദ്ധതിയുടെ ഇൻടേക്ക് വെൽ-കം-പമ്പ് ഹൗസിലെ 150 എച്ച്.പി. പമ്പ്സെറ്റ് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. ട്രാൻസ്ഫോർമർ, പാനൽ ബോർഡുകൾ എന്നിവ എത്തിയിട്ടുള്ളതും 10/12/2021/-ൽ ഈ നടപടി പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നതുമാണ്. പ്രവൃത്തി പൂർത്തിയാകുന്നതോടെ കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി, ക്ലാപ്പന പഞ്ചായത്തുകളിലെ സുനാമി കോളനി ഉൾപ്പെടെയുള്ള എല്ലാ പ്രദേശങ്ങളിലേയും കുടിവെള്ള ക്ഷാമത്തിന് പരിഹാരമാകുമെന്ന് കരുതുന്നു. കൂടാതെ കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിലെ കോഴിക്കോട് ഭാഗത്തുള്ള സുനാമി കോളനിയിലെ ജലദൗർലഭ്യം പരിഹരിക്കുന്നതിനായി കരുനാഗപ്പള്ളി നഗരസഭ തുക വകയിരുത്തിയിട്ടുള്ളതും ഭൂഗർഭജലവകുപ്പിൽനിന്നും സ്ഥലപരിശോധന നടത്തി കുഴൽകിണർ നിർമ്മാണത്തിനുള്ള അടിയന്തര നടപടികൾ നടന്നുവരികയുമാണ്. നിലവിൽ ടാങ്കർ ലോറിയിൽ ജലവിതരണം നടത്തി വരുന്നു. കൂടാതെ മയ്യനാട്

പഞ്ചായത്തിലെ ധവളക്കുഴി, താന്നി, വലിയവിള, കുറ്റിക്കാട് എന്നീ പ്രദേശങ്ങളിലെ സുനാമി കോളനികളിൽ ജല അതോറിറ്റിയിലെ പൈപ്പ് ലൈൻ കണക്ഷൻവഴി ജലവിതരണം മുടങ്ങാതെ നടത്താൻ സാധിക്കുന്നുണ്ട്. കൊല്ലം കോർപ്പറേഷനിലെ വാടി സുനാമി കോളനിയിലെ കുടുംബങ്ങൾക്കും കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള കണക്ഷൻ വഴി ജലവിതരണം നടത്തിവരുന്നു. ശക്തികുളങ്ങര ഓംചേരിമഠം സുനാമി ഫ്ളാറ്റിലും, കന്നിമേൽ, പാവൂര്, പാരിക്കേഴത്ത് എന്നിവിടങ്ങളിലുള്ള സുനാമി കോളനികളിലും ജല അതോറിറ്റി കുടിവെള്ള വിതരണം കാര്യക്ഷമമായി നടത്തുന്നുണ്ട്. ഇരവിപുരം- വള്ളക്കടവ് സുനാമി ഫ്ളാറ്റിലും, സ്നേഹതീരം സുനാമി ഫ്ളാറ്റിലും കൊല്ലം കോർപ്പറേഷൻ സ്ഥാപിച്ച ചെറുകിട കുടിവെള്ള പദ്ധതിക്കുപുറമെ ജല അതോറിറ്റിയുടെ കുടിവെള്ള വിതരണവും കാര്യക്ഷമമായി നടക്കുന്നുണ്ട്. പരവൂർ, മയ്യനാട് വില്ലേജുകളിൽ ഉൾപ്പെട്ട കല്ലുക്കുന്ന്, കുറ്റിക്കാട് എന്നീ സുനാമി ഫ്ളാറ്റുകളിലെ 283 വീടുകളുടെ അറ്റകുറ്റപ്പണികൾ ഇവിടെപ്പറഞ്ഞതുപോലെ പ്രത്യേകമായി നടത്തുന്നതിനായി നിർമ്മിതി കേന്ദ്രം, ഹൗസിംഗ് ബോർഡ് എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സുനാമി കോളനികളിലെ അറ്റകുറ്റ

പണികൾ, സെപ്റ്റിക് ടാങ്ക് തകരാർ എന്നിവയ്ക്കായി വാർഷിക പദ്ധതിയിൽ തുക ഉൾപ്പെടുത്തുകയും കരാർവെക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം സുനാമി കോളനികളിൽ താമസിക്കുന്നവരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ശാശ്വതമായ പരിഹാര മാർഗ്ഗങ്ങളുണ്ടാക്കണമെന്നതന്നെയാണ് സർക്കാരിന്റെ അഭിപ്രായം. അതിന്റെ അടിസ്ഥാനത്തിലാണ് 2019-ലെയും 2020-ലെയും ഉത്തരവുകൾ പ്രകാരം ചില വകുപ്പുകളെക്കൂടി ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട അംഗം ശ്രദ്ധയിൽപ്പെടുത്തിയതനുസരിച്ച് ആവശ്യമായ നടപടികൾ ഒന്നുകൂടി പരിശോധിക്കാവുന്നതാണ്.

ശ്രീ. സി. ആർ. മഹേഷ്: സർ, ഉദ്യോഗസ്ഥന്മാരുടെ കണ്ടെത്തലുകൾക്കും എഴുത്തുകുത്തുകൾക്കുമപ്പുറത്ത് മനുഷ്യത്വപരമായ ഒരു നടപടിയാണ് ആവശ്യം. മനുഷ്യത്വപരമായി ഈ വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത്, ഒരു ദുരന്തത്തിന് ഇരയായവരും അവരുടെ ബന്ധുക്കളുമാണ്, ഉറ്റവരും ഉടയവരും ഇല്ലാത്തവരാണ്. അതിനാൽ ഈ വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് സുനാമി കോളനികളുടെ നവീകരണത്തിനായി സർക്കാരിന് പ്രത്യേക പദ്ധതി തയ്യാറാക്കാൻ കഴിയുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ നേരത്തെ ഇവിടെ സൂചിപ്പിച്ചതാണ്, രേഖകൾ പ്രകാരം ബഹുമാനപ്പെട്ട അംഗം പറയുന്നതുപോലെ സുനാമി പുനരധിവാസ പദ്ധതിയെന്നുപറയുന്നത് തുടർപദ്ധതിയല്ല. പക്ഷേ ഇവിടെ ഉന്നയിച്ചിട്ടുള്ള മനുഷ്യത്വപരമായ പ്രശ്നങ്ങൾ സർക്കാർ ഗൗരവമായി എടുക്കുന്നുണ്ട്. ഇക്കാര്യങ്ങളിൽ ഇവിടെ പ്രഖ്യാപിച്ചിട്ടുള്ള നടപടിക്രമങ്ങൾ കൃത്യതയോടുകൂടി നടപ്പിൽവരുത്തുന്നുവെന്ന് പരിശോധിക്കാവുന്നതാണ്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നങ്ങൾ തീർച്ചയായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.